# പടിഞ്ഞാറെക്കോട്ടയിലെ അപകടം: മരിച്ച രണ്ടാമനെയും തിരിച്ചറിഞ്ഞു

തിരുവനന്തപുരം: പടിഞ്ഞാറേക്കോട്ട പെരുന്താന്നി എൻ.എസ്.എസ് സ്കൂളിന് സമീപം ഇന്നലെ അർദ്ധരാത്രിയോടെ ബൈക്കും ലോറിയും കൂട്ടിയിടിച്ച് മരിച്ച ബൈക്ക് യാത്രക്കാരിൽ രണ്ടാമനെയും തിരിച്ചറിഞ്ഞു.

കല്ലറ അഭിവിലാസത്തിൽ ശശിധരന്റെ മകൻ അഭിലാൽ (23), മരിയാപുരം ഗോവിന്ദപുരം ജയകുമാർ- ലേഖ ദമ്പതികളുടെ മകൻ അഭിലാഷ്(22) എന്നിവരാണ് മരിച്ചത്.

അഭിലാലിനെ മാത്രമേ ഇന്നലെ തിരിച്ചറിഞ്ഞിരുന്നുള്ളൂ. തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിനടുത്തുള്ള ഒരു മാളിലെ ജീവനക്കാരായ ഇവർ ജോലികഴിഞ്ഞ് അഭിലാലിന്റെ പാപ്പനംകോടുള്ള ബന്ധുവീട്ടിലേക്ക് പോകും വഴിയാണ് അപകടമുണ്ടായത്.

ഈഞ്ചയ്ക്കലിൽനിന്നും പടിഞ്ഞാറേക്കോട്ടയിലേക്ക് വന്ന ബൈക്ക് കാറിനെ മറികടക്കവേ എതിരെ വന്ന ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു.

ഇടിയുടെ ആഘാതത്തിൽ ബൈക്ക് റോഡിലൂടെ നിരങ്ങി ലോറിക്ക് അടിയിൽപ്പെടുകയായിരുന്നു.

പെട്രോൾ ചോർച്ചയുണ്ടായ ബൈക്ക് തീ പിടിച്ച് ബൈക്കും ലോറിയും കത്തി നശിച്ചു. പരിസരവാസികൾ വിവരമറിയിച്ചതിനെതുടർന്ന്



അഭിലാൽ

സ്ഥലത്തെത്തിയ ചെങ്കൽച്ചൂള ഫയർഫോഴ്സും പൊലീസുമാണ് തീ നിയന്ത്രണ വിധേയമാക്കിയത്. ബൈക്ക് പൂർണമായും കത്തിനശിച്ചു.

ഇഷ്ടിക കയറ്റിപ്പോകുകയായിരുന്ന ലോറിയുടെ മുൻ ഭാഗവും കത്തി. അപകടത്തിന് ശേഷം ലോറി ജീവനക്കാർ ഇറങ്ങിയോടി.

അഭിലാലിന്റെ പഴ്സിൽ നിന്ന് ലഭിച്ച ലൈസൻസും മാളിലെ ഐ.ഡി കാർഡുമാണ് ഇവരെ തിരിച്ചറിയാൻ സഹായിച്ചത്.

പൊലീസ് അറിയിച്ചതനുസരിച്ച് പിന്നീട് ബന്ധുക്കളെത്തി മരിച്ചത് ഇവരാണെന്ന് ഉറപ്പാക്കുകയായിരുന്നു.

പൂന്തുറ സി.ഐ എസ്.എൽ. സജിയുടെ നേതൃത്വത്തിൽ വഞ്ചിയൂർ, ഫോർട്ട് പൊലീസ് സ്റ്റേഷനുകളിലെ പൊലീസും നാട്ടുകാരുമാണ് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയത്. ഇരുവരുടെയും മൃതദേഹങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് കൈമാറും. അഭിലാലിന്റെ പിതാവ് ശശിധരൻ ഗൾഫിലാണ്.

അഭിജിത്ത് സഹോദരനാണ്. ഗൾഫിൽ നിന്ന് പിതാവ് സ്ഥലത്തെത്തിയശേഷം അഭിലാലിന്റെ സംസ്കാരം നടക്കും. ഫോർട്ട് പൊലീസ് കേസെടുത്തു.

## റിട്ട.എസ്.ഐയ്ക്കായി അന്വേഷണം

കോട്ടയം: കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി ജംഗ്ഷനിലെ ഇലക്ട്രിക്കൽ കടയിൽ കയറി ചെങ്ങളം സ്വദേശിയായ ബിനോ ടോണിയുടെ കണ്ണിൽ മുളക്പൊടി വിതറി ആക്രമിച്ച കേസിൽ ഇടനിലക്കാരനായ റിട്ട.എസ്.ഐയെ തെരയുന്നു. ചെങ്ങളം സ്വദേശിയായ ഇയാളാണ് ക്വട്ടേഷൻ ആക്രമണത്തിന് ഇടനില നിന്നതെന്ന് അറിവായിട്ടുണ്ട്. ഇയാളെ പൊലീസ് ഉടൻ ചോദ്യം ചെയ്യും. ഇന്നലെ രണ്ടു പേർ കൂടി അറസ്റ്റിലായതോടെ പിടിയിലായവരുടെ എണ്ണം ആറായി.ചെങ്ങളം നെടുമാവ് മാപ്പിളത്താഴെ ഐസക് (63), പാറത്തോട് പുത്തൻപുരയ്ക്കൽ ഫസിലി (41) എന്നിവരാണ് ഇന്നലെ അറസ്റ്റിലായത്.


## ആവശ്യമുണ്ട്

ഓഫീസ് ആവശ്യത്തിന് ഫർണിഷ് ചെയ്ത റൂമുകൾ ആവശ്യമുണ്ട്. ഷെയർ ചെയ്യാൻ താല്പര്യമുള്ളവരും ബന്ധപ്പെടുക.

**9497095591**


## മദ്ധ്യവയസ്കൻ കുഴഞ്ഞ് വീണ് മരിച്ചു

തൃപ്പൂണിത്തുറ: ഷട്ടിൽ കളിക്കുന്നതിനിടെ മദ്ധ്യവയസ്കൻ കുഴഞ്ഞുവീണ് മരിച്ചു. തൃപ്പൂണിത്തുറ മാർക്കറ്റ് റോഡിന് സമീപം അമ്പാട്ട് വീട്ടിൽ പരേതയായ ഐപ്പിന്റെയും റാഹേലിന്റെയും മകൻ ചെറിയാൻ (ബാബു 50) ആണ് മരിച്ചത്. ഇന്നലെ രാത്രിയാണ് സംഭവം. ഉടൻ തൃപ്പൂണിത്തുറ സ്വകാര്യ ആശുപത്രിയിലും തുടർന്ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ബൈക്ക് വൈദ്യുതി തൂണിലിടിച്ച് മാതൃഭൂമി ന്യൂസ് കാമറമാൻ മരിച്ചു

വളപട്ടണം: പാപ്പിനിശേരി ചുങ്കത്ത് ബൈക്ക് വൈദ്യുതി തൂണിലിടിച്ച് മാതൃഭൂമി ന്യൂസ് വാർത്താ ചാനൽ കാമറമാൻ മരിച്ചു. കണ്ണൂർ ബ്യൂറോയിലെ സീനിയർ കാമറാമാൻ മോറാഴ മുതുവാനി മണിയമ്പാറ ഹൗസിൽ എം. പ്രതീഷ്(35) ആണ് മരിച്ചത്. ഇന്ന് പുലർച്ചെ 12.30 ഓടെയായിരുന്നു അപകടം.



പ്രതീഷ്

കണ്ണൂരിൽ നിന്ന് ഡ്യൂട്ടി കഴിഞ്ഞ് മോറാഴയിലെ വീട്ടിലേക്ക് പോകവെയാണ് അപകടം. പരിക്കേറ്റ പ്രതീഷിനെ നാട്ടുകാർ ചേർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം കണ്ണൂരിലെ സ്വകാര്യ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. വളപട്ടണം പൊലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തീകരിച്ച് പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് നൽകും. മണിയമ്പാറ നാരായണന്റെയും നാരായണിയുടെയും മകനാണ്. ഭാര്യ ഹേഷ്മ. സഹോദരങ്ങൾ: അഭിലാഷ്, നിധീഷ്.

## ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയ പ്രതി ചെന്നൈയിൽ പിടിയിൽ

കോട്ടയം: ജർമ്മനിയിൽ ജോലി വാഗ്ദാനം ചെയ്ത് രണ്ടര ലക്ഷം രൂപ തട്ടിയെടുത്ത കേസിൽ ഒളിവിലായിരുന്ന തിരുവനന്തപുരം വലിയവേളി തൈവിളാകം ഡെന്നി ആന്റണിയെ (26) ചെന്നൈയിൽ നിന്ന് പിടികൂടി.

കോട്ടയം വെസ്റ്റ് എസ്.ഐ എം.ജെ.അരുൺ ആണ് രഹസ്യകേന്ദ്രത്തിലെത്തി പ്രതിയെ പിടികൂടി കോട്ടയത്ത് എത്തിച്ചത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

കോട്ടയം കോടിമത സ്വദേശിയായ അതുൽ അജയനിൽ നിന്ന് ജർമ്മനിയിൽ ജോലി വാഗ്ദാനം ചെയ്ത് രണ്ടര ലക്ഷം രൂപ ഒരു വർഷം മുമ്പ് പ്രതി വാങ്ങിയിരുന്നു. മാസങ്ങൾ കഴിഞ്ഞിട്ടും പണമോ വിസയോ ലഭിക്കാതെ വന്നതോടെ അതുൽ വെസ്റ്റ് സ്റ്റേഷനിൽ പരാതി നൽകുകയായിരുന്നു. ഇതോടെ ഡെന്നി മുങ്ങി.

ആറു മാസം മുമ്പാണ് ഡെന്നിക്കെതിരെ കേസ് എടുത്തത്. സമാനമായ തട്ടിപ്പ് നടത്തിയതിന് ഇയാൾക്കെതിരെ നിരവധി കേസുകളുണ്ടെന്ന് പൊലീസ് പറഞ്ഞു. അങ്കമാലിയിൽ വിസതട്ടിപ്പ് നടത്തിയതിന് ഇയാൾ ശിക്ഷ അനുഭവിച്ചിട്ടുണ്ട്.


### കേരള സർക്കാർ ദർഘാസുകൾ

04-02-2019 മുതൽ 10-02-2019 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

**ജലസേചന വകുപ്പ്**

ദർഘാസ് : 2019_Irrig_266746_1 * Executive Engineer * CPP-MLBC-Renovation of Mettupalayam Branch canal bet ch 0/00 * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹1062542

ദർഘാസ് : 2019_Irrig_266747_1 * Executive Engineer * CPP-MLBC-Urgent rectification works to the breached portion * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹1317852

ദർഘാസ് : 2019_Irrig_266748_1 * Executive Engineer * CPP-MLBC-Urgent rectification works to Edayankulambu branch * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹890449

ദർഘാസ് : 2019_Irrig_266749_1 * Executive Engineer * CPP-MLBC-Renovation and Modernization of works to Arampadam * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹976708

ദർഘാസ് : 2019_Irrig_266750_1 * Executive Engineer * Walayar Project - Flood Damages 2018 - Urgent Rectification * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹610156

ദർഘാസ് : 2019_Irrig_266752_1 * Executive Engineer * CPP-KKPS-Renovation and Modernization of Canals under Chittu * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹1248921

ദർഘാസ് : 2019_Irrig_266738_1 * Executive Engineer * Reconstruction of canal bund of Thattan canal between Ch.0/0 * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹883713

ദർഘാസ് : 2019_Irrig_266071_1 * Executive Engineer * Flood Damages - 2018 - CPP-Nurnee System-Reconstruction of C * അവസാന തീയതി : 14-Feb-2019 * അടങ്കൽ :₹530267

ദർഘാസ് : 2019_Irrig_266080_1 * Executive Engineer * CPP-Nurnee System-Rectification of CC canal in Nurneemain ca * അവസാന തീയതി : 14-Feb-2019 * അടങ്കൽ :₹712200

**പൊതുമരാമത്ത് വകുപ്പ്**

ദർഘാസ് : 2019_PWD_260409_2 * Executive Engineer * Supply, Installation, testing and commissioning of Sound Rei * അവസാന തീയതി : 15-Feb-2019 * അടങ്കൽ :₹585000

ദർഘാസ് : 2018_PWD_206215_3 * Executive Engineer * Supply and Testing of Projector, Signage TV, LCD TV for the * അവസാന തീയതി : 20-Feb-2019 * അടങ്കൽ :₹4740000

ദർഘാസ് : 2019_PWD_259820_2 * Executive Engineer * Supply and installation of Audio-media equipments and Data N * അവസാന തീയതി : 20-Feb-2019 * അടങ്കൽ :₹644780

ദർഘാസ് : 2019_PWD_263133_2 * Executive Engineer * Construction of Election Warehouse for storage of EVM and VV * അവസാന തീയതി : 14-Feb-2019 * അടങ്കൽ :₹1181794

ദർഘാസ് : 2019_PWD_266223_1 * Executive Engineer * LAC ADS 2015 16 Construction of building for Govt. HSS Kavum * അവസാന തീയതി : 14-Feb-2019 * അടങ്കൽ :₹566712

ദർഘാസ് : 2018_PWD_256391_3 * Executive Engineer * Construction of Court Complex at Perinthalmanna Providing * അവസാന തീയതി : 14-Feb-2019 * അടങ്കൽ :₹1120748

ദർഘാസ് : 2019_PWD_262539_2 * Executive Engineer * Electrification of building for Govt. Arts. and science coll * അവസാന തീയതി : 15-Feb-2019 * അടങ്കൽ :₹508886

ദർഘാസ് : 2019_PWD_266969_1 * Executive Engineer * High security prison -third phase installation of motor pump * അവസാന തീയതി : 15-Feb-2019 * അടങ്കൽ :₹607361

ദർഘാസ് : 2019_PWD_266307_1 * Executive Engineer * SITC of 82.5KVA DG at Central Hatchery, Chengannur, Ala * അവസാന തീയതി : 18-Feb-2019 * അടങ്കൽ :₹1036469

ദർഘാസ് : 2019_PWD_266333_1 * Executive Engineer * Providing Air Conditioner units in Deputy Transport Commissi * അവസാന തീയതി : 15-Feb-2019 * അടങ്കൽ :₹586973

ദർഘാസ് : 2019_PWD_267023_1 * Executive Engineer * H and FWD - Annual Plan 2017-18 - Medical Education - Renova * അവസാന തീയതി : 14-Feb-2019 * അടങ്കൽ :₹884557

ദർഘാസ് : 2019_PWD_266811_1 * Executive Engineer * Annual plan 2016-17 Rectifying the leakage of library buildi * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹1446260

ദർഘാസ് : 2019_PWD_266932_1 * Executive Engineer * CIUP - construction of toilets, RLV College Thripunithura * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹800862

ദർഘാസ് : 2018_PWD_257036_3 * Executive Engineer * Maintenance of Sub Treasury Office Kothamangalam * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹727400

ദർഘാസ് : 2019_PWD_266915_1 * Executive Engineer * MP LADS 2018-19 Construction ofcommunity Hall in Kunjippara * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹4797008

ദർഘാസ് : 2019_PWD_266795_1 * Executive Engineer * Construction of new Toilet block at Ladies hostel, Maharajas * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹1539022

ദർഘാസ് : 2019_PWD_262497_2 * Executive Engineer * Urgent Special Repairs Renovation of Staff Canteen at RDO Of * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹938238

ദർഘാസ് : 2019_PWD_262631_2 * Executive Engineer * MLA -SDF 2017-18 Construction of Toilet Block for Boys in CH * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹896881

ദർഘാസ് : 2019_PWD_266922_1 * Executive Engineer * GMC EKMExpansion of Hemodialysis Unit at GovtMedical College * അവസാന തീയതി : 19-Feb-2019 * അടങ്കൽ :₹1499023

ദർഘാസ് : 2019_PWD_267033_1 * Executive Engineer * Construction of Stadium At Cheruval * അവസാന തീയതി : 21-Feb-2019 * അടങ്കൽ :₹2487885

ദർഘാസ് : 2019_PWD_266269_1 * Executive Engineer * nstallation Exhibition Halls ,Stage and related works in con * അവസാന തീയതി : 12-Feb-2019 * അടങ്കൽ :₹2145140

ദർഘാസ് : 2019_PWD_266794_1 * Executive Engineer * Consration fo UTM machine room at Regional Quality Controlr * അവസാന തീയതി : 16-Feb-2019 * അടങ്കൽ :₹944991

ദർഘാസ് : 2019_PWD_266927_1 * EXECUTIVE ENGINEER * H and FWD- Medical Education Department- Annual Plan 2018-19 * അവസാന തീയതി : 15-Feb-2019 * അടങ്കൽ :₹2049961

ദർഘാസ് : 2019_PWD_266910_1 * EXECUTIVE ENGINEER * H and FWD Annual Plan-Medical Education Department 2018-19 * അവസാന തീയതി : 15-Feb-2019 * അടങ്കൽ :₹999347

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 04-10/Feb/2019/PRD/6